# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം(പി.III)1555/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/11/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ-ഇകെഎം(പി III)1555/2024 തീയ്യതി: 08/11/2024

## എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള ഉടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷെർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2024 | 17-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തിയതി (വരെ) |
|---|---|
| 07-10-2024 | 17-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി കവിതാദേവി വി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ബിന്ദു സദാനന്ദൻ, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷൈനി പി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സന്തോഷ് കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ജിഷ ആൻ ജേക്കബ് , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.സേബ മുഹമ്മദാലി | പ്രസിഡന്റ് | 01-04-2023 | 30-06-2023 |
| ശ്രീ.ഷാജൻ എബ്രഹാം(ആക്ടിംഗ് ) | പ്രസിഡന്റ് | 01-07-2023 | 24-07-2023 |
| ശ്രീമതി.ജയ മുരളീധരൻ | പ്രസിഡന്റ് | 25-07-2023 | 31-03-2024 |
| ശ്രീമതി.നിസമോൾ എം.പി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ കെ.സി. | അസി. സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീമതി.വിജയലക്ഷ്മി.പി.എസ് | അസി. സെക്രട്ടറി | 13-07-2023 | 31-03-2024 |
| ഡോ.സുനിൽ.ജി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.പുഷ്പ.വി.വി | മെഡിക്കൽഓഫീസർ, സി.എച്ച്.സി ചെങ്ങമനാട് | 01-04-2023 | 31-03-2024 |
| ഡോ.ആംഷറാണി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 11-09-2023 |
| ഡോ.റീജ.എൻ.ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-09-2023 | 31-03-2024 |
| ഡോ.ബിനി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 06-09-2023 |
| ഡോ.സുനിതകുമാരി.കെ.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 07-09-2023 | 31-03-2024 |
| ഉമ്മു ഹബീബ കുന്നത്ത് നടുത്തൊടി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ലിഷ.വി.ജെ | വി ഇ ഒ ദേശം സർക്കിൾ | 01-04-2023 | 11-07-2023 |
| ശ്രീ.സാബിക്.ടി.എസ് | വി ഇ ഒ ദേശം സർക്കിൾ | 12-07-2023 | 31-03-2024 |
| ശ്രീ.ശിവൻ.കെ.കെ | വി ഇ ഒ, ചെങ്ങമനാട് സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി.സിജ.കെ.കെ | അസി.എൻജിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷൈനി ജോർജ്ജ്.എൻ | ഹെഡ് മാസ്റ്റർ ജെ.ബി.എസ്. ദേശം | 01-04-2023 | 31-03-2024 |
| ശ്രീമതി.അനഘ ഉണ്ണികൃഷ്ണൻ.എം | കൃഷി ഓഫീസർ | 01-04-2023 | 20-04-2023 |
| ശ്രീമതി.രജിത രാധാകൃഷ്ണൻ | കൃഷി ഓഫീസർ | 21-04-2023 | 19-06-2023 |
| ശ്രീമതി.ഷീബ.എം.എ | കൃഷി ഓഫീസർ | 20-06-2023 | 31-03-2024 |
| ശ്രീമതി.സലീന.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ബീന.ടി.എം | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻഓഫീസർ | 01-04-2023 | 16-06-2023 |
| ശ്രീമതി.സ്മിത.കെ.ബി | ഫിഷറീസ് എക്സ്റ്റൻഷൻഓഫീസർ | 17-06-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | തൊഴിലുറപ്പ് പദ്ധതിയുടെ നീക്കിയിരുപ്പിൽ വ്യത്യാസം | 1-1-4 |
| 6 | ഡെവലപ്മെന്റ് ഫണ്ട് ജനറലിന്റെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തെറ്റായ ഹെഡ്ഡ് കോഡിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ -അവലോകനം | 1-10 |
| 16 | വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയതിൽ അപാകതകൾ | 1-11 |
| 17 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 18 | ലൈസൻസ് ഫീസ് - അപാകതകൾ | 1-13 |
| 19 | ഹരിതകർമ്മസേന രസീത് പരിശോധന - അപാകതകൾ | 1-14 |
| 20 | ആംബുലൻസ് വാടക രസീത്- അപാകതകൾ | 1-15 |
| 21 | പാരാ-മെഡിക്കൽ ലൈസൻസ് പരിശോധന - അപാകതകൾ | 1-16 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകതകൾ | 1-17 |
| 23 | ഓഡിറ്റ് ഇംപാക്ട് | 1-18 |
| 24 | തൊഴിലുറപ്പ് പദ്ധതി-അപാകതകൾ | 1-19 |
| 25 | റോഡ് കണക്ടിവിറ്റി മാപ്പ് പ്രാവർത്തികമാക്കിയില്ല | 1-20 |
| 26 | വിവിധ റോഡുകളുടെ കാനകൾ, തോടുകൾ, കുളങ്ങൾ , ഇറിഗേഷൻ കുളങ്ങൾ, കടവുകൾ വൃത്തിയാക്കൽ -അപാകതകൾ | 1-21 |
| 27 | പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്ന സേവന പ്രവൃത്തികൾക്ക് ജി എസ് ടി തുക അനുവദിച്ചു | 1-22 |
| 28 | അതിദരിദ്രർക്ക് ഭക്ഷണ വിതരണം - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കണം | 1-23 |
| 29 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 1-24 |
| 30 | കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് - ₹50,000/- ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 31 | കട്ടിക്കാതുളക് വിതരണം -അപാകത | 1-26 |
| 32 | സ്മാർട്ട് അങ്കണവാടി- അനുകരണീയ മാതൃക | 1-27 |
| 33 | വക്കീൽ ഫീസ് ഇനത്തിൽ തുക നൽകിയതിലെ അപാകത തടസ്സം - 13500/- | 1-28 |
| 34 | പഞ്ചായത്തിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് - സർക്കാരിന്റെ നിർദ്ദേശം പാലിക്കുന്നില്ല | 1-29 |
| 35 | ഇ-ടെണ്ടർ ഫീസ് അതാത് സാമ്പത്തിക വർഷം തനത് ഫണ്ടിലേയ്ക്ക് അടവാക്കുന്നില്ല | 1-30 |
| 36 | റിഡംപ്ഷൻ ചെയ്ത തുക തിരികെ ലഭിച്ചില്ല | 1-31 |
| 37 | പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തികൾ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-32 |
| 38 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക എന്നിവ വിനിയോഗിക്കാതെ 57.13 ലക്ഷം രൂപ അവശേഷിക്കുന്നു | 1-33 |
| 39 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ-തടസ്സം 956654/- | 1-34 |

| | | |
|---|---|---|
| 40 | ചട്ടങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ നടപടികൾ | 1-35 |
| 41 | കാലാവധി കഴിഞ്ഞ മരുന്ന് വാങ്ങി | 1-36 |
| 42 | എസ്.എസ്.കെ - വിശദമായ വിനിയോഗ വിവരം ലഭ്യമല്ല. | 1-37 |
| 43 | ആസ്തി രജിസ്റ്റർ -കാലികമല്ല | 1-38 |
| 44 | പ്രിന്റിംഗ് ചാർജ്-ആദായനികുതി ഈടാക്കിയില്ല | 1-39 |


### ഭാഗം 2

-- No Records Found --

### ഭാഗം 3

-- No Records Found --

### ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


### അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **29.05.2024** ലെ **2** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **07.06.2024-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

**തീയതി: 08.11.2024**

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 79,88,132/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 56,86,582/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥിര ആസ്തി, ഉത്പാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-4 തൊഴിലുറപ്പ് പദ്ധതിയുടെ നീക്കിയിരുപ്പിൽ വ്യത്യാസം

തൊഴിലുറപ്പ് പദ്ധതിയുടെ നീക്കിയിരുപ്പ് ബി-4 ഷെഡ്യൂൾ പ്രകാരം ₹1298/- എന്നും ബി-17 ഷെഡ്യൂൾ പ്രകാരം ആയത് ₹1369/- എന്നാമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ₹71/- ന്റെ വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

### 1-1-5 ഡെവലപ്മെന്റ് ഫണ്ട് ജനറലിന്റെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തെറ്റായ ഹെഡ്ഡ് കോഡിൽ ഉൾപ്പെടുത്തി

ഡെവലപ്മെന്റ് ഫണ്ട് ജനറലിന്റെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയായ ₹3,90,721/- ബാലൻസ് ഷീറ്റിലെ ബി-3 ഷെഡ്യൂളിലെ 312100201 എന്ന ഹെഡ്ഡ് കോഡിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ബി-4 ഷെഡ്യൂളിലെ 320200101 എന്ന ഹെഡ്ഡ് കോഡിൽ ഉൾപ്പെടുത്തി.

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 14.03.2023 ലെ 1(1)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 02.02.2024 ലെ 2(1) നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | 14.03.2023-ലെ 1(1) നമ്പർ തീരുമാന പ്രകാരം | 02.02.2024ലെ 2(1) നമ്പർ തീരുമാന പ്രകാരം |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് | 28,70,22,004.00 | 31,98,91,464.00 |
| ആകെ | 28,70,22,004.00 | 31,98,91,464.00 |
| ചെലവ് | 28,19,69,325.00 | 29,79,65,229.00 |
| നീക്കിയിരിപ്പ് | 50,52,679.00 | 2,19,26,235.00 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,66,97,790/- |
| വരവ് | 6,28,17,471/- |
| ആകെ | 9,95,15,261/- |

| | |
|---|---|
| ചെലവ് | 5,48,29,339/- |
| നീക്കിയിരിപ്പ് | 4,46,85,922/- |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് | റിമാർക്ക് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17942000 (*) | 17942000 | 15423339 (**) | 2518661 | 0 | (*) GO Proj.- 2031632/- (**)Cap.Contrbn- 390721/- (Wrongly Entered In B-4) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6038000 (*) | 6038000 | 4264219 | 1773781 | 0 | (*) GO Proj.- 716455/- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11850650 | 11850650 | 10814619 | 1036031 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3751400 | 3751400 | 3751400 (*) | 0 | 0 | (*) Cap.Contrbn- 74785/- |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) (Basic Grant) | 583523 | 3030527 (*) | 3614050 | 1787756 (**) | 0 | 1826294 | (*) Bank Intrst - 59527/- (**)Cap.Contr - 657048/- & RP-30(P) - 885/- I-13 - 885/- Bank Chrgs |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 2100224 | 2228000 | 4328224 | 2829808 (*) | 0 | 1498416 (**) | (*)Cap.Contr - 460000/- (**) 24800/- Expenditure Of 22-23 |
| 320100125 ഐ.സി.ഡി.എസ്. | 845441 | 1699010 | 2544451 | 1567539 | 0 | 976912 | |
| 320100149 നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 500000 | 0 | 500000 | 0 | 0 | 500000 | |
| 320100152 മറ്റ് സ്കീമുകൾ | 3346 | 0 | 3346 | 0 | 0 | 3346 | |
| 320100160 റൂറൽ ഹൗസിങ് ഫോർ ഓൾ | 2562637 | 2600000 | 5162637 | 4030000 | 0 | 1132637 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 320100181 ടോട്ടൽ സാനിറ്റേഷൻ | 0 | 5000 | 5000 | 4880 | 0 | 120 | |
| 320100190 വിമുക്തി ഗ്രാന്റ് | 36150 | 0 | 36150 | 0 | 0 | 36150 | |
| 320100191 നിർമൽ പുരസ്കാരം | 445114 | 0 | 445114 | 0 | 0 | 445114 | |
| 320100197 ലിറ്ററസി ഗ്രാന്റ് | 14397 | 9147 | 23544 | 8644 | 0 | 14900 | |
| 320100198 ശുചിത്വ മിഷൻ | 924835 | 0 | 924835 | 0 | 0 | 924835 | |
| 320100202 ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 372676 | 982857 | 1355533 | 367397 | 0 | 988136 | |
| 320100203 ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ് ലെസ്സ് സബ് സെന്റർ | 0 | 2814519 | 2814519 | 0 | 0 | 2814519 | |
| 320100204 ഹെൽത്ത് ഗ്രാന്റ് - വെൽനെസ്സ് സെന്റർ | 212976 | 407628 | 620604 | 226659 | 0 | 393945 | |
| 320200399 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- അദർ പർപ്പസ് - ബഡ്സ് സ്കൂൾ | 1250000 | 0 | 1250000 | 1250000 (*) | 0 | 0 | (*) RP -30(P) - 1250000/- |
| 320200399 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- അദർ പർപ്പസ് - ദുരന്ത നിവാരണം | 0 | 100000 | 100000 | 0 | 0 | 100000 | |
| 320300199 അദർ ഗവ. ഏജൻസീസ് | 0 | 5400 | 5400 | 0 | 0 | 5400 | |
| 320700204 സംയുക്ത പ്രോജക്ട് – ബ്ലോക്ക് പഞ്ചായത്ത് (റാന്നി ഓഫീസ്) | 1676548 | 0 | 1676548 | 0 | 0 | 1676548 | |
| 320700205 സംയുക്ത | 2126764 | 0 | 2126764 | 0 | 0 | 2126764 | |

| |
|---|
| പ്രോജക്റ്റ് – ജില്ലാ<br>പഞ്ചായത്ത്<br>(റവന്യൂ ചെലവ്) |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 240 | ₹12,08,38,463 | ₹5,99,00,121 | 145 | 28 | 67 | 60.42% |

**പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗവിവരം.**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക | ചെലവിന്റെ % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹17942000 | ₹17942000 | ₹15423339 | ₹2518661 | 0 | 85.96% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹6038000 | ₹6038000 | ₹4264219 | ₹1773781 | 0 | 70.62% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | ₹11850650 | ₹11850650 | ₹ 10814619 | ₹1036031 | 0 | 91.25% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | ₹3751400 | ₹3751400 | ₹3751400 | 0 | 0 | 100% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) | ₹ 583523 | ₹2971000 + ₹59527 (പലിശ) | ₹3614050 | ₹1787756 | 0 | ₹1826294 | 49.47% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | ₹2100224 | ₹2228000 | ₹4328224 | ₹2829808 | 0 | ₹1498416 | 65.38% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 71/- | 646856/- | 6,46,927/- | 6,45,558/- | 1,369/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്<br>I-6 – 1,61,66,935/-<br>B-3 – 21,45,354/- | 0 | 1,83,12,289/- | 1,83,12,289/- | 1,83,12,289/- | 0 |
| ആകെ | 71/- | 1,89,59,145/- | 1,89,59,216/- | 1,89,57,847/- | 1,369/- |

**കുറിപ്പ്:-** ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പും B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. 71/- രൂപയുടെ വ്യത്യാസം കൃത്യമാക്കി അറിയിക്കേണ്ടതാണ്.

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 42,44,200 | 392 |

| | | | |
|---|---|---|---|
| 2 | വിധവാ പെൻഷൻ | 1,24,31,500 | 1138 |
| 3 | വാർധക്യകാല പെൻഷൻ | 2,60,97,200 | 2596 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,39,200 | 46 |
| 5 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 33,90,000 | 311 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2024 3.00 പി.എം-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8378/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**1. പദ്ധതി മോണിറ്ററിങ് സംവിധാനം കാര്യക്ഷമമല്ല :** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ് സമിതികൾ വിലയിരുത്തുന്നില്ല.

**2. ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ– കാര്യക്ഷമമല്ല:**

ഗ്രാമപഞ്ചായത്തിന്റെ 1997-98 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**3. നിക്ഷേപ പ്രവൃത്തികൾക്കായി നൽകുന്ന തുക ക്രമീകരിക്കാൻ ബാക്കിയുണ്ട്**

കെ.എസ്.ഇ.ബിക്ക് നൽകിയ തുകയിൽ 2016-17 മുതൽ 2023-24 വരെയുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ 2018-19 വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുണ്ട്. നിക്ഷേപ പ്രവൃത്തികൾക്കായി നൽകുന്ന തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം അതാത് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി കൃത്യമായി ക്രമീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ -അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെലക്ഷ്യം. തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

**ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ**

| | |
|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | ചെങ്ങമനാട് |
| വാർഡുകൾ | 18 |
| ജനസംഖ്യ | 29576 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 7113 |
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 530 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 24 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന വീടുകളുടെ എണ്ണം | 5000 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 300 |

**ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വലിയമാറ്റമാണ് വരുത്തിയിട്ടുള്ളത്. 24 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. യൂസർഫീ കാർഡ് മുഖേന വീടുകളിൽനിന്നും 50/- രൂപ, സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി**

ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തിവരുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 18 മിനി എംസിഎഫുകളിലേക്ക് ശേഖരിച്ച മാലിന്യം എത്തിക്കുകയും അവിടെ നിന്നും കപ്രശേരിയിൽ സ്ഥാപിച്ചിട്ടുള്ള മെയിൻ എംസിഎഫിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എം.സി.എഫുകളിൽ നിന്നും യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

**അടിസ്ഥാന സൗകര്യങ്ങൾ**

ഏകദേശം 1400sqft വലുപ്പമുള്ള എം.സി.എഫ് ആണുള്ളത്. ഇതിൽ 50% വരുന്ന ഏരിയ സ്റ്റോറേജായും 50% ഏരിയ സോർട്ടിംഗിനായും ഉപയോഗിച്ചുവരുന്നു. കൂടാതെ ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ഉറവിടത്തിൽ നിന്നുതന്നെ സെഗ്രഗേഷൻ നടത്തിയാണ് എം സി എഫിൽ എത്തിക്കുന്നത്. വെയിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് ഒരു ഇലക്ട്രിക് ഓട്ടോ ഉപയോഗിക്കുന്നു. എം.സി.എഫിൽ ഫയർ ഓഡിറ്റ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശുചിത്വ മാനദണ്ഡങ്ങൾ**

മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിടാതെ സ്റ്റോറേജ് ഏരിയയിൽ മാത്രം സൂക്ഷിച്ചിട്ടുണ്ട്. മാലിന്യം തിരയുന്നതിനായി സേനാംഗങ്ങൾക്ക് രണ്ട് തരം ഗ്ലൗസുകൾ നൽകിയിട്ടുണ്ട്. കൂടാതെ റെയിൻ കോട്ട്, ഷൂ , സോർട്ടിംഗ് ടേബിൾ എന്നിവ സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്

**മാലിന്യ ശേഖരണ കലണ്ടർ**

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപെറ്റ്, അപ്ഹോൾസ്റ്ററി വേസ്റ്റ് | ജനുവരി |
| കുപ്പി, ചില്ല് മാലിന്യങ്ങൾ | ഫെബ്രുവരി |
| ഉപയോഗശൂന്യമായ വാഹന ടയർ | മാർച്ച് |
| ഇ-മാലിന്യങ്ങൾ | ഏപ്രിൽ |
| പോളി എത്തിലീൻ, പ്രിന്റിംഗ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ | മെയ് |
| മരുന്ന് സ്ട്രിപ്പുകൾ | ജൂൺ |
| ആപത്കരമായഇ-മാലിന്യങ്ങൾ | ജൂലൈ |
| ഇ-വേസ്റ്റ് | ആഗസ്റ്റ് |
| കുപ്പി, ചില്ല് മാലിന്യങ്ങൾ | സെപ്റ്റംബർ |
| ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപെറ്റ്, അപ്ഹോൾസ്റ്ററി വേസ്റ്റ് | ഒക്ടോബർ |
| തുണി മാലിന്യം | നവംബർ |
| ആപത്കരമായ ഇ-മാലിന്യങ്ങൾ | ഡിസംബർ |

**മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ**

മാലിന്യ ശേഖരണത്തിനുള്ള കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാണ്. ഹരിതമിത്രം ആപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിപ്പിക്കൽ 82% പൂർത്തീകരിച്ചിട്ടുണ്ട്. മാസത്തിൽ പത്താം തിയതിക്ക് ശേഷമുള്ള ദിവസങ്ങളിലാണ് വീടുകളിലെയും സ്ഥാപനങ്ങളിലെയും കളക്ഷന് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ മൂന്ന് ലോഡിനടുത്ത് പ്ലാസ്റ്റിക് മാലിന്യവും കുറച്ച് ലെഗസി മാലിന്യവും മെയിൻ എം.സി.എഫിൽ അവശേഷിക്കുന്നു.

**യൂസർഫീ വിവരങ്ങൾ**

2023-24 വർഷം 53 ടൺ മാലിന്യം ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് 28 ടൺ തരം തിരിച്ച മാലിന്യവും 25 ടൺ ലെഗസി വേസ്റ്റും കൈമാറിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ 1531550/- രൂപയും ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ 110000/- രൂപ ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് 70300/- രൂപ നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**തൊഴിൽ സൃഷ്ടിക്കൽ**

2023-24 സാമ്പത്തിക വർഷത്തിൽ 240 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. യൂസർ ഫീ ആയി ലഭ്യമാകുന്ന വാർഡ് അടിസ്ഥാനത്തിലുള്ള തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയും, പത്ത് ശതമാനം കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കിവെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുകയും ചെയ്യുവരുന്നു. ശരാശരി 8000-9000/-രൂപയ്ക്ക് മുകളിൽ ഉള്ള തുക അംഗങ്ങൾക്ക് പ്രതിമാസ വരുമാനമായി ലഭിക്കുന്നുണ്ട്.

**ഹരിതകർമ്മസേന റിവ്യൂ മീറ്റിംഗ്**

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, നോഡൽ ഓഫീസർ അസി. സെക്രട്ടറി, വി.ഇ.ഒ എന്നിവർ ഉൾപ്പെടുന്ന സംഘം എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. മാലിന്യ നിർമാർജ്ജന സ്ക്വാഡ് പ്രവർത്തനങ്ങൾ, യൂസർ ഫീ കളക്ഷൻ അവലോകനം, ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ എന്നീ കാര്യങ്ങൾ റിവ്യൂ മീറ്റിംഗിൽ ഉൾപ്പെടുത്തിവരുന്നു.

**പാരിസ്ഥിതിക ആഘാതം**

പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി ഫോൺ/വാട്ട്സ്ആപ്പ് മുഖാന്തിരം പരാതി ലഭിച്ചതിനെ തുടർന്ന് വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തി ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഇനത്തിൽ 11000/- രൂപ ലഭിക്കുകയും, ടി വ്യക്തികൾ/സ്ഥാപനങ്ങൾക്ക് കർശന താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

**പരിശീലനവും വികസനവും**

മാർച്ച് 2024 ന് പഞ്ചായത്ത് മുഖാന്തരം സേനാംഗങ്ങൾക്ക് കായിക ശേഷി പരിശീലനം, ഫയർ ഓഡിറ്റ് പരിശീലനം, മാലിന്യ സംസ്കരണം, തരം തിരിക്കൽ എന്നിവയുടെ പരിശീലനം നൽകുകയുണ്ടായി.

**പൊതു നിർദ്ദേശങ്ങൾ**

1. ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100ശതമാനത്തിലേക്കെത്തി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയതിൽ അപാകതകൾ

22-3-2023-ലെ സ ഉ (കൈ) നം.77/2023/എൽ എസ് ജി ഡി ഉത്തരവിലെ ഖണ്ഡിക 25 പ്രകാരം 2023-24 മുതൽ പുതുതായി വസ്തുനികുതി നിശ്ചയിക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനും മേഖലകളുടെ തരം തിരിക്കലും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്.

സ ഉ (പി)നം 25/2023/എൽ.എസ്.ജി.ഡി, തീയതി 05-04-2023 പ്രകാരം പഞ്ചായത്തുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ സർക്കാർ നിശ്ചയിച്ചതു പ്രകാരം ഭരണസമിതിയുടെ 30-06-2023 1/1 നമ്പർ തീരുമാനം മുഖേന പഞ്ചായത്തിൽ പുതിയ വസ്തുനികുതി നിരക്കുകളും മേഖല വിഭജനവും നിശ്ചയിച്ച് തീരുമാനിച്ചു. പുതുക്കിയ നിരക്ക് സംബന്ധിച്ച അന്തിമ നോട്ടീസ് 04-07-2023 ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

മേൽ തീരുമാനപ്രകാരം പുതിയ നിരക്ക് പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതി ദായകർക്ക് 1-4-2023 നും പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. നികുതി പരിഷ്കരണം സംബന്ധിച്ച് താഴെ ചേർത്ത അപാകതകൾ കാണുന്നു.

1. മേഖലാ വിഭജനം വ്യക്തമല്ല. പഞ്ചായത്ത് തീരുമാന പ്രകാരം, നാഷണൽ ഹൈവേ കോട്ടായി മുതൽ മംഗലപ്പുഴ വരെ, അത്താണി മാഞ്ഞാലി റോഡ്, ദേശം കാലടി റോഡ്, പറമ്പയം നെടുവന്നൂർ റോഡ്, തുരുത്ത് പിഡബ്ല്യുഡി റോഡ് എന്നിവ പ്രഥമ മേഖലയായും പ്രഥമ മേഖലയിൽ ഉൾപ്പെടാത്ത ബാക്കി പ്രദേശങ്ങൾ ദ്വിതീയ മേഖലയായും ആണ് തീരുമാനിച്ചിട്ടുള്ളത്. വസ്തു നികുതി പരിഷ്കരണ ചട്ടങ്ങൾ പ്രകാരം വികസിത പ്രദേശങ്ങൾ പ്രഥമ മേഖലയായും, കോളനി മുതലായ അവികസിത പ്രദേശങ്ങൾ തൃതീയമേഖലയായുള്ള രീതിയിൽ വ്യക്തമായ അതിരുകളുടെ അടിസ്ഥാനത്തിലാണ് മേഖല വിഭജനം നടത്തേണ്ടത്. റോഡുകളുടെ അടിസ്ഥാനത്തിലുള്ള പ്രഥമ മേഖലയ്ക്ക് വ്യക്തമായ അതിര് നിർവചിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച റോഡുകളുടെ ചുറ്റുള്ള വികസിത പ്രദേശങ്ങളാണ് പ്രഥമമേഖലയായി പരിഗണിച്ചിട്ടുള്ളത് എന്നും റോഡുകളുടെ അടിസ്ഥാനത്തിലുള്ള പ്രഥമമേഖലക്ക് വ്യക്തമായ അതിരുകൾ നിശ്ചയിച്ചിട്ടില്ല എന്നും അറിയിച്ചു. വസ്തുനികുതി നിർണ്ണയത്തിൽ അവ്യക്തതയ്ക്ക് കാരണമാകും എന്നതിനാൽ ഒരു കെട്ടിടം ഏത് മേഖലയിലാണ് സ്ഥിതി ചെയ്യുന്നത് വ്യക്തമായി തിരിച്ചറിയാനാകും വിധം പ്രഥമമേഖലക്ക് വ്യക്തമായ അതിരുകൾ നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2. വസ്തുനികുതി പരിഷ്കരണത്തോടനുബന്ധിച്ച് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിക്കലുകൾ നടത്തി തീരുമാനമെടുത്തതായി കാണുന്നില്ല. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിക്കലുകൾ 2011-ലെ വസ്തുനികുതി പരിഷ്കരണത്തിലേത് തന്നെയായതുകൊണ്ടാണ് പ്രത്യേക തീരുമാനം എടുക്കാതിരുന്നത് എന്നറിയിച്ചു. നിലവിലെ പരിഷ്കരണത്തിലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിക്കലുകൾ നടത്തി തീരുമാനമെടുത്ത് അറിയിക്കേണ്ടതാണ്.

3. 2023-24 ൽ വസ്തുനികുതി നിശ്ചയിച്ച പുതിയ കെട്ടിടങ്ങളിൽ 17-10-23 വരെ പഴയ നിരക്കിലാണ്

വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. 18/10/23 തീയതി മുതൽ വസ്തുനികുതി നിശ്ചയിച്ച കെട്ടിടങ്ങൾക്കാണ് പുതിയ നിരക്ക് ബാധകമാക്കിയിട്ടുള്ളത്. 01-04-23 മുതൽ 17-10-23 വരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള 124 കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിക്കുന്നതിനുള്ള നിർദേശം 2024 മാർച്ചിലാണ് ലഭിച്ചത് എന്നും നികുതി പിരിവ് ഊർജിതമായി നടക്കുന്ന സമയമായതിനാൽ ആ സമയത്ത് റിവൈസ് ചെയ്യാൻ സാധിച്ചില്ല എന്നും അറിയിച്ചു. സഞ്ചയ പ്യൂരിഫിക്കേഷൻ വഴിയേ വസ്തുനികുതി റിവൈസ് ചെയ്യാൻ കഴിയൂ എന്നതിനാൽ പ്യൂരിഫിക്കേഷൻ ഓപ്പൺ ചെയ്യുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതായും അനുമതി ലഭിക്കുന്നത് പ്രകാരം നികുതി റിവൈസ് ചെയ്യുന്നതുമാണ് എന്നും അറിയിച്ചു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/14-10-24) മറുപടി ലഭ്യമാക്കി. ഓഡിറ്റ് നിർദേശങ്ങൾക്ക് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.10.2024) നൽകിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ ഇടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാണോയെന്ന പരിശോധന സാധ്യമായിട്ടില്ല. പ്രസ്തുത ഡാറ്റാ ബേസ് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | പായപ്പിള്ളി ഇൻഡസ്ട്രീസ് | 51/23-24 | 2 |
| 2. | സ്റ്റാർവുഡ് ഇൻഡസ്ട്രീസ് | 64/23-24 | 3 |
| 3. | ഗ്യാലന്റ് ആർട്ട്സ് & ആർട്ടിഫാക്ട്സ് | 448/23-24 | 5 |

3. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഓഡൻറ്ഡിജിറ്റൽ | II |
| 2 | ഫ്രഷ്‌ലിഷ്യസ് സൂപ്പർ ബസാർ | II |
| 3 | പത്മ കഫേ | II |
| 4 | ജോഷ് ടെക് | II |
| 5 | ഹൃദയ കെയർ | II |

| | | |
|---|---|---|
| 6 | പ്രിസം ക്ലിനിക് | II |
| 7 | T S No 6 കഴുപ്പള്ളം കള്ള് ഷാപ്പ് | II |
| 8 | T S No 15 നെട്ടവന്നൂര് കള്ള് ഷാപ്പ് | II |

4. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പ്രവർത്തിച്ചിരുന്ന ചില സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷത്തെ രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കെ കെ ഫൈനാൻസ്സ് |
| 2 | മാഞ്ഞൂരാൻ ഫ്യൂവൽ വർക്സ് |
| 3 | ഹിദായത്തുൽ ഇസ്ലാം |

5. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ , ഡ്രൈവിംഗ് സ്കൂളുകൾ, അക്ഷയ സെന്റർ, കമ്പ്യൂട്ടർ സെന്റർ എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

6. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | കെ.എം.ജോസഫ് |
| 2 | കെ.ഡി.ദേവസ്സിക്കുട്ടി |
| 3 | വി.ജോയി |
| 4 | അൻവർ പി.എം |
| 5 | എം.കെ.അബ്ദുൾ സലാം |
| 6 | അഷ്റഫ് പി കെ |
| 7 | വിൽസൺ തോമസ് |
| 8 | കെ.ഐ.ഇട്ടീര |
| 9 | കെ.കെ.ലത്തീഫ് |
| 10 | എ.എം.ഷാനവാസ് |
| 11 | നവാസ് വി കെ |

ഉപ ഖണ്ഡിക 2, 3, 4, 6 എന്നിവയിൽ പരാമർശിച്ചിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് - അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് അപേക്ഷകളിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. നിരവധി അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/10.10.2024) ലഭിച്ച മറുപടിയിൽ ഇനി വരുന്ന അപേക്ഷകളിൽ മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് മാത്രമേ ഫീ ഈടാക്കുക എന്ന് മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് ഫീ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

2. ചില സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു. ഏതാനും സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | കെട്ടിട നം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | റോസ് ഫാൻസി | 439/23-24 | 7/157 | 300 |
| 2 | ഹൈലക്സ് ഇമ്പെക്സ് | 463/23-24 | 395 C2 | 300 |
| 3 | അപ്പൂസ് സ്റ്റോഴ്സ് | 510/23-24 | 41A | 200 |
| 4 | കൊച്ചി കഫേ | 443/23-24 | 501/A | 300 |
| 5 | വെങ്ങനാട് കാറ്ററിംഗ് | 511/23-24 | 350 | 200 |

കുറഞ്ഞനിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/10.10.2024), 2023-24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 17(1) നമ്പർ തീരുമാനപ്രകാരം പഴയ ലൈസൻസ് ഫീ മാത്രം അടവാക്കിയാൽ മതിയെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കുറഞ്ഞ ലൈസൻസ് ഈടാക്കിയതെന്നും, 2024 -25 സാമ്പത്തിക വർഷം മുതൽ പുതിയ നിരക്കിലാണ് ഫീസ് ഈടാക്കിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി.

3. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നില്ല. പഞ്ചായത്തിലെ എല്ലാ വ്യാപാര/വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതു പ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ പുതിയ സംരംഭങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുമ്പോൾ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ഹരിതകർമ്മസേന രസീത് പരിശോധന - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് ഹരിതകർമ്മസേനക്ക് യൂസർ ഫീ ശേഖരണത്തിന് കൊടുക്കപ്പെടുന്ന രസീത് ബുക്ക് പരിശോധിച്ചപ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കുകൾ വി ഇ ഒയ്ക്ക് കൈമാറിയതായി രേഖപ്പെടുത്തിയെങ്കിലും, വി ഇ ഒ ചില രസീത് ബുക്കുകളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ ബന്ധപെട്ട രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടില്ല.

രസീത് ബുക്കുകളുടെ നമ്പർ താഴെ ചേർക്കുന്നു:

54711-54720

54781- 54790

54821-54875

18247-18260

വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/17.10.2024) ആയത് ചേർക്കാൻ വിട്ടുപോയെന്ന മറുപടി തൃപ്തികരമല്ല. രസീത് ബുക്കുകളുടെ വിശദ വിവരങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-15 ആംബുലൻസ് വാടക രസീത്- അപാകതകൾ

ആംബുലൻസ് വാടക പിരിക്കുന്നതിനായി മെഡിക്കൽ ഓഫീസർ ഉപയോഗിച്ച രസീത് ബുക്ക് നം. 3 പരിശോധിച്ചതിൽ 15.04.2024 ൽ നൽകിയ രസീത് നം:214 പ്രകാരം ഈടാക്കിയ ₹300/- പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച 16.10.2024 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 25 ന മറുപടി ലഭിച്ചില്ല. ഈ വിഷയത്തിലേക്ക അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഉത്തരവാദിയായവരിൽ നിന്നും തുക ₹300/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 പാരാ-മെഡിക്കൽ ലൈസൻസ് പരിശോധന - അപാകതകൾ

പാരാ-മെഡിക്കൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ

നിന്നും ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസി |
|---|---|---|
| 1 | ഹൃദയ കെയർ | ഡോ.ഗോപാലകൃഷ്ണൻ എ. പിള്ള |
| 2 | ശ്രീലയ ഡയഗ്നോസ്റ്റിക് സെന്റർ | ജിജിത രതീഷ് |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 15.10.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് ഒഴിവാക്കാനാവുന്നവ ഒഴിവാക്കിയിട്ടുണ്ട്.
മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ പാരാമെഡിക്കൽ ലൈസൻസ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകതകൾ

1.പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ /നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം എസ്) നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥയാണ്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | |
|---|---|---|---|---|---|---|---|
| 1 | ടി പി മാത്യു | വാർദ്ധക്യകാലം | 107000201217 | 03.03.2023 | 04/23 മുതൽ 06/23 വരെ | 4800 | |
| 2 | ശാന്താലക്ഷ്മിയമ്മ എൽ | വിധവ പെൻഷൻ | 106240601079 | 16.02.2023 | 03/23 മുതൽ 06/23 വരെ | 6400 | |
| 3 | കുമാരി പി വി | വിധവ പെൻഷൻ | 107010601080 | 14.06.2023 | 07/23 മുതൽ 05/24 വരെ (സ്റ്റാറ്റസ്: ആക്റ്റീവ്) | 17600 | |
| 4 | കൗസല്യ കുമാരൻ | കർഷക തൊഴിലാളി | 107010100359 | 02.09.2023 | 10/23 മുതൽ 05/24 വരെ (സ്റ്റാറ്റസ്: ആക്റ്റീവ്) | 12800 | മേൽ പട്ടികയിലെ ക്രമ നമ്പർ 3,4,5,6 |
| *5 | ഭാനുമതിയമ്മ | വിധവ പെൻഷൻ | 105870600020 | 25.09.2023 | 10/23 മുതൽ 05/24 | 12800 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | വരെ (സ്റ്റാറ്റസ്: ആക്റ്റീവ്) 09/23 മുതൽ 05/24 | | എന്നീ |
| 6 | ശാന്തമ്മ രാഘവൻ | വിധവ പെൻഷൻ | 107000600504 12.08.2023 | വരെ (സ്റ്റാറ്റസ്: ആക്റ്റീവ്) | 14,400 | |
| | ആകെ | | | | 68,800 | |

ഗുണഭോക്താക്കളെ സേവന വെബ്സൈറ്റിൽ നിന്നും നാളിതുവരെ സസ്പെന്റ് ചെയ്യിട്ടില്ലാത്തതിനാൽ പെൻഷൻ ഇപ്പോഴും നൽകിപ്പോരുന്നു.

* ക്രമ നമ്പർ 5ൽ രേഖപ്പെടുത്തിയ ആളുടെ പേര് "ശാന്തമതിയമ്മ" എന്നാണ് സേവന വെബ്സൈറ്റിൽ കൊടുത്തിരിക്കുന്നത് . എന്നാൽ ടി ആളുടെ പേര് ആധാർ കാർഡിൽ (317298219898) "ഭവാനി" എന്നാണ് രേഖപ്പെടുത്തിരിക്കുന്നത് .

2. മരണപ്പെടുന്നവരുടെ പെൻഷൻ റദ്ദ് ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. കൂടാതെ മരണപ്പെട്ടിട്ടും ആക്റ്റീവായി തുടരുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യാൻ കഴിയാതെ തടഞ്ഞുവച്ച തുകകൾ ബാങ്കുകളുടെയും സഹകരണബാങ്കുകളുടെയും അക്കൗണ്ടുകളിലേക്ക് മാറ്റപ്പെടുകയും സർക്കാരിലേക്ക് തിരികെ ലഭ്യമാകുന്നതിന് താമസം ഉണ്ടാക്കുകയും ചെയ്യുന്നു. മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന അവസരങ്ങളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

അപാകതൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 16.10.2024 ലെ ഓഡിറ്റ് എൻക്വയറി നം. 21 നുള്ള മറുപടിയിൽ ക്രമ നം. 1,6 എന്നിവരുടെ മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അവരുടെ പെൻഷൻ സസ്പെന്റ് ചെയ്തതായും അറിയിച്ചു. ക്രമ നം. 2,3,4 എന്നിവരുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ അതത് പഞ്ചായത്തുകളിൽ അറിയിച്ചിട്ടുള്ളതായി മറുപടി നൽകി. ക്രമ നം. 5 ന ലഭ്യമാക്കിയ മറുപടിയിൽ ടി വ്യക്തിയുടെ വീട്ടിൽ അന്വേഷിച്ചപ്പോൾ രണ്ട് പേരും ഒരാളാണെന്ന് പറഞ്ഞതായി മറുപടി ലഭ്യമാക്കി. അനർഹമായ കാലയളവിൽ കൈമാറിയിട്ടുള്ള തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 110110801000251 ഐ എഫ് സി – KSBK0000101) അടവാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 ഓഡിറ്റ് ഇംപാക്റ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് താഴെപ്പറയുന്ന തുക അടവാക്കുകയുണ്ടായി.

2022-23 സാമ്പത്തിക വർഷത്തിലെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് 10.10.2024 ൽ 4 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| എൻക്വയറി നം./ തീയതി | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|
| 4/ 10.10.2024 | ലൈസൻസ് ഫീസ് | 1240102446/ 16.10.2024 | 10000/- |

**1-19 തൊഴിലുറപ്പ് പദ്ധതി-അപാകതകൾ**

1. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മെറ്റീരിയലുകൾ മൊത്തത്തിലായോ ഇനം തിരിച്ചോ കരാർ നൽകുന്നതിനു പകരം ഓരോ പ്രവൃത്തികൾക്കും പ്രത്യേകം പ്രത്യേകം കരാർ നൽകുന്ന രീതി തുടരുന്നതായി കാണുന്നു. എല്ലാ വാർഡുകളിലേക്കും മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കരാറുകാർ സഹകരിക്കാതിരുന്ന സാഹചര്യം ഉണ്ടായതിനാലാണ് ഇത്തരത്തിൽ ഓരോ പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടേണ്ടി വന്നത് എന്ന മറുപടി തൃപ്തികരമല്ല. നിലവിൽ എല്ലാ മെറ്റീരിയൽ സപ്ലൈ കരാറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് കരാറിൽ ഏർപ്പെടുന്നതായി കാണുന്നത്. മെറ്റീരിയൽ സപ്ലൈ മൊത്തത്തിലോ ഇനം തിരിച്ചോ കരാർ നൽകുന്നത് മത്സരസ്വഭാവമുള്ള നിരക്ക് ലഭ്യമാകുന്നതിന് സഹായകരമാകും.

2. മെറ്റീരിയലുകൾ സപ്ലൈ ചെയ്ത കോൺട്രാക്ടർമാർക്ക് ലഭ്യമാക്കിയ എല്ലാ , ഇൻവോയ്സുകളിലും ഇൻവോയ്സ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയതായി കാണുന്നില്ല. അതിനാൽ തന്നെ ഈ ഇൻവോയ്സുകൾ കൃത്യമായ ജിഎസ്ടി ഇൻവോയ്സുകളാണോ എന്ന് ഉറപ്പുവരുത്താനാകുന്നില്ല. കരാറുകാർ ലഭ്യമാക്കുന്ന ഇൻവോയ്സുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും യഥാർത്ഥത്തിൽ ജി എസ് ടി വകുപ്പിൽ അപ് ലോഡ് ചെയ്യുന്ന യഥാർത്ഥ ഇൻവോയ്സുകൾ തന്നെയാണ് ഹാജരാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3. ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം കോൺട്രാക്ടർമാർ സപ്ലൈ ചെയ്ത മെറ്റീരിയലിനായി തൻവർഷം നൽകിയ 32.39 /- ലക്ഷം രൂപയിൽ രണ്ടരലക്ഷത്തിലധികം തുക കൈപ്പറ്റിയിട്ടുള്ള കോൺട്രാക്ടർമാരിൽ സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകൾ സപ്ലൈ ചെയ്ത താഴെ ചേർത്തകരാറുകാരനിൽ നിന്ന് ജി എസ് ടി - ടി ഡി എസ് കറവ് ചെയ്തിട്ടില്ല.

| കരാറുകാരന്റെ പേര് | തൻ വർഷം കൈപറ്റിയ തുക |
|---|---|
| ബിന്ദു കെ തോമസ് | 425800/- |

അപാകതയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ 2022 ലെ 26/8/2022 മുതൽ 25/8/2023 വരെ കാലാവധിയുള്ള കരാർ A4/Mgnregs/22 പ്രകാരം തൻവർഷം 217750/-രൂപയും 2023ലെ 26/8/2023 മുതൽ 25/8/2024 വരെ കാലാവധിയുള്ള കരാർ A4/Mgnregs/22 പ്രകാരം തൻവർഷം 208050/-രൂപയും കൂടി ആകെ 425800/രൂപയാണ് നൽകിയിട്ടുള്ളത് എന്നും ഓരോ പ്രത്യേക കരാർ പ്രകാരം നൽകിയ തുക രണ്ടരലക്ഷത്തിലധികം അധികരിച്ചിട്ടില്ല എന്നതിനാലാണ് ജി എസ് ടി - ടി ഡി എസ് കറവ് ചെയ്യാതിരുന്നത് എന്നും അറിയിച്ചു. എന്നാൽ A4/Mgnregs/22 കരാർ പ്രകാരം 26/8/2022 മുതൽ 31/3/2023 വരെയും (22-23 സാമ്പത്തിക വർഷം), A4/Mgnregs/23 കരാർ പ്രകാരം 01/04/2024 മുതൽ 25/8/2022 വരെയും (2024-25 സാമ്പത്തിക വർഷം) നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഓരോ കരാർ പ്രകാരവും നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അതു പ്രകാരമുള്ള തുക രണ്ടരലക്ഷത്തിലധികം അധികരിച്ച എങ്കിൽ ജി എസ് ടി - ടി ഡി എസ് കറവ് ചെയ്ത് അറിയിക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/16-10-24) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചു. ഓഡിറ്റ് നിർദേശങ്ങൾക്ക് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

**1-20 റോഡ് കണക്റ്റിവിറ്റി മാപ്പ് പ്രാവർത്തികമാക്കിയില്ല**

പഞ്ചായത്ത് പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുൻ വർഷം പ്രോജക്റ്റ് നം.52/23, റോഡ് കണക്റ്റിവിറ്റി മാപ്പിങ്ങ് എന്ന പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നു. തൻ വർഷവും പ്രോജക്റ്റ് നം.168/24 , റോഡ് കണക്റ്റിവിറ്റി മാപ്പിങ്ങ് വിഭാവനം ചെയ്തിട്ടുണ്ട് എങ്കിലും ചെലവ് രേഖപ്പെടുത്തിയതായി കാണുന്നില്ല. റോഡ്

കണക്ടിവിറ്റി മാപ്പ് 31-10-23 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ് എന്നും തുടർ വർഷങ്ങളിൽ പഞ്ചായത്തുകൾക്കുള്ള മെയിന്റനൻസ് ഫണ്ടുകൾ R-Track റോഡ് ആസ്തികളുടെ വിശദാംശങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും അനുവദിക്കുക എന്നും പ്രിൻസിപ്പാൾ ഡയറക്ടറേറ്റിൽ നിന്ന് ചീഫ് എഞ്ചിനീയറുടെ DB3/753/Ce/Lide&Ew(part) തീ 26-3-23 സർക്കലർ പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

ടി പ്രോജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/14-10-24) ലഭ്യമാക്കിയ മറുപടിയിൽ വെരിഫിക്കേഷൻ പൂർത്തിയാക്കിയ റോഡുകളുടെ ലിസ്റ്റ് 12/7/2024 ലെ 4(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട് എന്നറിയിച്ചു. സർവേയർമാർ വിട്ടുപോയ റോഡുകളുടെ കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വെരിഫിക്കേഷനായി കൈമാറിയിട്ടുള്ളതായും, ഓവർസീയർമാരുടേയും ഓഫീസ് വാഹനത്തിന്റെയും സഹായത്തോടെ പ്രവൃത്തികൾ ചെയ്തതിനാൽ തൻവർഷം തുക ചെലവഴിക്കേണ്ടതായി വന്നില്ല എന്നും അറിയിച്ചു. R Track വെബ് ആപ്ലിക്കേഷനിൽ റോഡ് ആസ്തികൾ ഡിജിറ്റൽ രേഖയായി മാറ്റി മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ടാഗ് ചെയ്ത് റോഡ് കണക്ടിവിറ്റി മാപ്പ് പ്രാവർത്തികമാക്കി അറിയിക്കേണ്ടതാണ്.

## 1-21 വിവിധ റോഡുകളുടെ കാനകൾ, തോടുകൾ, കുളങ്ങൾ , ഇറിഗേഷൻ കുളങ്ങൾ, കടവുകൾ വൃത്തിയാക്കൽ -അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 115/24, വിവിധ റോഡുകകളുടെ കാനകൾ, തോടുകൾ, കുളങ്ങൾ , ഇറിഗേഷൻ കുളങ്ങൾ, കടവുകൾ വൃത്തിയാക്കൽ റീച്ച് 1 | 121/24, വിവിധ വാർഡുകളിലെ കാനകൾ, തോടുകൾ, കുളങ്ങൾ, ഇറിഗേഷൻ കുളങ്ങൾ, കടവുകൾ വൃത്തിയാക്കൽ റീച്ച് 2 | 122/24, വിവിധ റോഡുകകളുടെ കാനകൾ, തോടുകൾ, കുളങ്ങൾ, ഇറിഗേഷൻ കുളങ്ങൾ, കടവുകൾ വൃത്തിയാക്കൽ റീച്ച് 3 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 495862/-ധനകാര്യ കമ്മീഷൻ അവാർഡ് | 481934/-ധനകാര്യ കമ്മീഷൻ അവാർഡ് | 403825/-ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 495862/-ധനകാര്യ കമ്മീഷൻ അവാർഡ് | 481934/-ധനകാര്യ കമ്മീഷൻ അവാർഡ് | 403825/-ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽനം | 126/3-10-23, 495862/- | 123/3-10-23, 481934/- | 123/3-10-23, 403805/- |

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ കാനകൾ, തോടുകൾ, കുളങ്ങൾ, ഇറിഗേഷൻ കനാലുകൾ, കടവുകൾ എന്നിവ വൃത്തിയാക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രോജകട് എസ്റ്റിമേറ്റ് പ്രകാരം പ്രധാനമായും വാട്ടർ വീഡ്സും ഹയാസിൻത് ഗ്രാസും ജലത്തിൽ പൊങ്ങികിടക്കുന്ന അവശിഷ്ടങ്ങളും ആംഫിബയസ് എക്സ്കവേറ്ററിന്റെ സഹായത്തോടുകൂടി നിശ്ചിത ദൂരത്തേക്ക് നിക്ഷേപിക്കുന്നതിനും ഇവ ഡിസിൽറ്റ് ചെയ്യുന്നതിനും ലഭിച്ച മണ്ണ് വണ്ടികൾ ഉപയോഗിച്ച് നീക്കം ചെയ്യുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | വാട്ടർ വീഡ് നീക്കം ചെയ്ത ഏരിയ | കാട് ക്ലീനിങ്ങ് | ഡിസ്റ്റിൽറ്റിങ്ങ് | വണ്ടി ഉപയോഗിച്ച് നീക്കം ചെയ്ത മണ്ണ് | തൊഴിൽദിനം (കൂലി) |
|---|---|---|---|---|---|
| 115/24, | 35432.5 M2 | - | 297.6 Cum കംപ്രസ്സ്ഡ് 146.914 Cum | 146.914 Cum | 21 |

| | | | | | |
|---|---|---|---|---|---|
| | | | 298cum | | |
| 121/24, | 23286 M2 | 7000 M2 | കംപ്രസ്റ്റിഡ് 121cum | 121cum | 37 |
| 122/24, | 21276 M2 | 734 M2 | 292cum കംപ്രസ്റ്റിഡ് 146.25cum | 146.25 | - |

1. എല്ലാവർഷവും ചെയ്തു വരുന്ന ഈ പ്രവർത്തികളിൽ കൃത്യമായ ആവശ്യകത വിലയിരുത്തി മുൻകൂട്ടി വൃത്തിയാക്കേണ്ട തോടുകൾ കണ്ടെത്തി പ്രോജക്ട് വിഭാവനം ചെയ്യുന്നതായി കാണുന്നില്ല. 500000/- ലക്ഷം രൂപയുടെ മൂന്ന് പ്രോജക്ടുകൾ തയ്യാറാക്കി എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾക്കാണ് തൻവർഷം ചെലവ് ചെയ്തിട്ടുള്ളത്. മഴക്കാലത്ത് വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനാണ് അടിയന്തിര പ്രാധാന്യത്തോടെ തോട് ശുചീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത് എന്നറിയിച്ചു. കൃത്യമായ ആവശ്യകത വിലയിരുത്തി മുൻകൂട്ടി വൃത്തിയാക്കേണ്ട തോടുകൾ കണ്ടെത്തി വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് വാട്ടർ വീഡ് നീക്കം ചെയ്തതിന് അളവ് രേഖപ്പെടുത്തിയിട്ടുള്ള വീതി കുറഞ്ഞ തോടുകളിൽ ആംഫിബിയസ് എക്സ്കവേറ്ററിന്റെ ഉപയോഗം സാധ്യമാണോ എന്ന് വ്യക്തമല്ല. വീതി കുറഞ്ഞ തോടുകളിൽ മാനുവൽ ക്ലീനിങ് നടത്തുണ്ട് എന്ന മറുപടി തൃപ്തികരമല്ല. മാനുവൽ ക്ലീനിങ്ങിന് പ്രത്യേകം ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

3. ഡിസിൽറ്റ് ചെയ്ത് ലഭിച്ച മണ്ണ് ട്രാൻസ്പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഡിസിൽറ്റ് ചെയ്ത് ലഭിച്ച മണ്ണ് ട്രാൻസ്പോർട്ട് ചെയ്ത അളവ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടി തൃപ്തികരമല്ല. ആകെ നീക്കം ചെയ്ത മണ്ണിന്റെ ഒറ്റ അളവാണ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മണ്ണ് ട്രാൻസ്പോർട്ട് ചെയ്തതിന്റെ ട്രിപ്പ് ഷീറ്റുകൾ, നിക്ഷേപിച്ച ലൊക്കേഷൻ എന്നിവ ലഭ്യമല്ല.

4. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭ്യമായ മണ്ണ് നീക്കം ചെയ്ത് സൂക്ഷിച്ചത് സംബന്ധിച്ചും ഈമണ്ണ് പുനരുപയോഗം ചെയ്തു സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമല്ല. മറുപടിയിൽ ലഭ്യമായ മണ്ണ് പാഴ് വസ്തുക്കളും മാലിന്യങ്ങളും അടങ്ങിയിട്ടുള്ളതിനാൽ പുനരുപയോഗ സാധ്യത കുറവാണ് എന്നറിയിച്ചു. പുനരുപയോഗ സാധ്യത കുറവാണെങ്കിൽ തന്നെ ഡിസിൽറ്റ് ചെയ്ത് ലഭിച്ച മണ്ണ് നിക്ഷേപിച്ച ലൊക്കേഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

5. വർഷാവർഷം ചെയ്യുന്ന ഈ പ്രവൃത്തിയുടെ അളവുകൾ പിന്നീട് പരിശോധിച്ച് കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല എന്നതിനാൽ പ്രവൃത്തിയുടെ നടത്തിപ്പ് സംബന്ധിച്ച് കൂടുതൽ സുതാര്യമായ വിശദാംശങ്ങൾ(ഉദാഹരണത്തിന്, ആംഫിബിയസ് എക്സ്കവേറ്ററിന്റെ പ്രവർത്തന റിപ്പോർട്ടും ഓരോ ദിവസത്തേയും മണിക്കൂറിലുള്ള പ്രവർത്തന സമയം, മണ്ണ് ട്രാൻസ്പോർട്ട് ചെയ്തതിന്റെ ട്രിപ്പ് ഷീറ്റുകൾ, ഡിസ്സിൽറ്റ് ചെയ്ത് ലഭിച്ച മണ്ണ് നിക്ഷേപിച്ച ലൊക്കേഷൻ മുതലായവ) ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും കൂടുതൽ സുതാര്യമാക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിയുടെ (നം.06/14-10-24) മറുപടിയിൽ, ഭാവിയിൽ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നറിയിച്ചു. അപാകതകൾ പരിഹരിച്ച് കൂടുതൽ സുതാര്യമായി പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്ന സേവന പ്രവൃത്തികൾക്ക് ജി എസ് ടി തുക അനുവദിച്ചു.

കേന്ദ്ര വിജ്ഞാപനം 12/17 (കേന്ദ്രനികുതി) റേറ്റ് പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം എസ് ആർഒ371/17 (സർക്കാർ ഉത്തരവ് (പി)73/17 നികുതി തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243ജി പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പ്യൂവർ സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ ജിഎസ് ടി ഈടാക്കേണ്ടതില്ലാത്ത സേവനങ്ങൾ നിർവ്വചിക്കുന്നുണ്ട്.ആയതിലെ ക്രമനമ്പർ 3 ഇപ്രകാരമാണ്.

*"Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution".*

ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം ജല മാനേജ്മെന്റ്, നീർത്തട വികസനം എന്നിവ എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. ആയതിനാൽ ചിറ ,തോട് എന്നിവയുടെ നവീകരണത്തിന് മെറ്റീരിയൽ സപ്ലൈ ഇല്ലാതെ ചെയ്യുന്ന ,പ്യൂവർ സർവ്വീസിൽ ഉൾപ്പെടുത്താവുന്ന പ്രവൃത്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കരാറുകാരൻ മുഖേന ജിഎസ്ടി നല്കേണ്ടതില്ല.എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് പ്രകാരവും ഈ അളവുപുസ്തകവും പ്രകാരവും മെറ്റീരിയൽ സപ്ലൈ ഉൾപ്പെടുത്താതെ ക്ലീനിംഗ് മാത്രം ഉൾപ്പെടുത്തിയിട്ടുള്ള, ലേബർ ചെലവുകൾ മാത്രമുള്ള ,പ്യൂവർസർവ്വീസ് എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്ന കാനകൾ, തോടുകൾ, കുളങ്ങൾ , ഇറിഗേഷൻ കുളങ്ങൾ, കടവുകൾ എന്നിവയുടെ വൃത്തിയാക്കലുമായി ബന്ധപ്പെട്ട് ചെയ്ത പ്രവൃത്തികൾക്ക് ജി എസ് ടി കൂടി കണക്കാക്കി കരാറുകാരന് നല്കിയിട്ടുണ്ട്. ലേബർ കംപോണന്റ് മാത്രമുള്ളതിനാൽ ഈ പ്രവൃത്തികൾക്ക് 12% ജിഎസ് ടിയാണ് നല്കിയിട്ടുള്ളത്.വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രോജക്ട് /ഫണ്ട് | കരാറുകാരൻ | പ്രവൃത്തി മൂല്യം | കേന്ദ്ര/സംസ്ഥാന ജി.എസ്.ടി (6%+6% =12%) | ആകെ ബിൽ തുക | ബിൽനം തുക |
|---|---|---|---|---|---|
| 115/23-24-21/24, വിവിധ വാർഡുകളിലെ കാനകൾ, തോടുകൾ, കുളങ്ങൾ , ഇറിഗേഷൻ കുളങ്ങൾ, കടവുകൾ വൃത്തിയാക്കൽ റീച്ച്1 (ധനകാര്യ കമ്മീഷൻഅവാർഡ് -അടങ്കൽ-495862/- ചെലവ്-495862/-) | ശ്രീ ജോയ് പി വി | 442734 | 53128 | 495862 | 126/3-10-23, 495862/- |
| 121/24, വിവിധ വാർഡുകളിലെ കാനകൾ, തോടുകൾ, കുളങ്ങൾ , ഇറിഗേഷൻ കുളങ്ങൾ, കടവുകൾ വൃത്തിയാക്കൽ റീച്ച്2 (ധനകാര്യ കമ്മീഷൻ അവാർഡ്-അടങ്കൽ481934/- ചെലവ്-481934/-) | ശ്രീ വി ജോയ് | 430298 | 51636 | 481934 | 123/3-10-23, 481934/- |
| 122/24, വിവിധ വാർഡുകളിലെ കാനകൾ, തോടുകൾ, കുളങ്ങൾ , ഇറിഗേഷൻ കുളങ്ങൾ, കടവുകൾ വൃത്തിയാക്കൽ റീച്ച്3- ധനകാര്യ കമ്മീഷൻ അവാർഡ് -അടങ്കൽ- | ശ്രീ നവാസ് വി കെ | 360558 | 43267 | 403825 | 123/3-10-23, 403805/- |

| | | | | | | |
|---|---|---|---|---|---|---|
| 403825/-<br>ചെലവ്-403825/-) | | | | | | |
| 153/24, കപ്പശ്ശേരി എസ് എൻ ഡി പി ശ്മശാനം കല്ലങ്ക് മുതൽ പാത്തിപ്പാലം വരെ തോട് ക്ലീനിങ്ങ്<br>(തനത് ഫണ്ട് -അടങ്കൽ-95000/-<br>ചെലവ്-77090/- | ശ്രീ വി ജോയ് | 68830 | 8260 | | 77090 | വൌചർ നം 22300563/06-10-23, 77090/- |
| 158/24, കൈതക്കാട്ട് ചിറ പപലം മുതൽ മുഴിയാൽ ചിറ വരെ റോഡ് കളീനിങ്ങ് റീച്ച്2 തനത് ഫണ്ട് -അടങ്കൽ-95000/-<br>ചെലവ്-64463/- | ശ്രീ വി ജോയ് | 57556 | 6907 | | 64463 | വൌചർ നം 22300562/06-10-23, 64463/- |
| 163/24,<br>തനത് പള്ളപ്പാടം പാത്തിപ്പാലം മുതൽ കൈതക്കാട്ട് ചിറപാലം വരെ തോട് ക്ലീനിങ്ങ്<br>( തനത് ഫണ്ട് -അടങ്കൽ-95000/-<br>ചെലവ്-77090/- | ശ്രീ വി ജോയ് | 68830 | 8260 | | 77090 | വൌചർ നം 22300564/06-10-23, 77090/- |
| 261/24<br>വിവിധ വാർഡുകളിലെ കടവുകളുടെ ക്ലീനിങ്ങ്<br>(ധനകാര്യ കമ്മീഷൻ അവാർഡ് -അടങ്കൽ-146423/-<br>ചെലവ്-79597/-) | ശ്രീ നവാസ് വി കെ | 71042 | 8525 | | 79567 | 477/25-03-24, 79567/- |
| ആകെ | | | 179983 | | | |

കരാറുകാരനിൽ നിന്ന് ജിഎസ് ടി നിയമം 2017 വകുപ്പ് 31(2) പ്രകാരം ജി.എസ്.ടി ഉൾപ്പെടുത്തി ഇൻവോയ്സ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കാത്തതിനാൽ കരാറുകാർക്ക് നല്കിയ ജിഎസ്ടി തുക സർക്കാരിലേയ്ക്ക് അടവാക്കിയോയെന്ന് ഉറപ്പ് വരുത്താനാകുന്നതില്ല.

മേൽ പ്രവർത്തികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് ജിഎസ് ടി ഉൾപ്പെടെ തുക അനുവദിച്ചത് സംബന്ധിച്ച് അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/17-10-24) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം പ്രോജക്റ്റുകൾക്ക് ജി എസ് ടി കൂടി കണക്കാക്കി തുക അനുവദിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 അതിദരിദ്രർക്ക് ഭക്ഷണ വിതരണം - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കണം

| പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|---|
| എസ്0071/24 | അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി | വികസനഫണ്ട് ജനറൽ | ₹1,22,500 | ₹76,548 | ₹45974-163/ 24, 21.11.23,<br>₹30574-227/ 24, |

19.12.23,

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് (കൈ) നം. 84/2022/LSGD Dt. 19.04.2022 ഖണ്ഡിക 6.6 (2) പ്രകാരം മൈക്രോ പ്ലാനുകളിലെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി നിർവഹണ പ്രൊജക്റ്റുകൾക്ക് രൂപം നൽകേണ്ടതും ലഭ്യമായ സ്രോതസ്സുകളിൽ നിന്നും വിഹിതം കണ്ടെത്തി ഓരോ വർഷത്തെയും പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകണം. ഇപ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമല്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്റ്റിൽ വികസന ഫണ്ട് മാത്രമാണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/08.10.2024) ലഭ്യമാക്കിയ മറുപടിയിൽ വരുംവർഷങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി വകയിരുത്തുന്നതാണെന്ന് അറിയിച്ചു. സർക്കാർ ഉത്തരവ് (കൈ) നം. 84/2022/LSGD Dt. 19.04.2022 ഖണ്ഡിക 6.6(2) പ്രകാരം അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് വരുംവർഷങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വകയിരുത്തിയ വികസനഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടില്ല.

## 1-24 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ചെങ്ങമനാട് |
| പ്രൊജക്റ്റ് നം, പേര് | 309/24, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | ₹204900/- (ധനകാര്യ കമ്മീഷൻ അവാർഡ്-₹107787/-, തനത് ഫണ്ട്-₹97113/-) |
| ചെലവ് വൗച്ചർ.നം, തീയതി, തുക | 22300724 61/11/2023<br>₹97,113/- (തനത് ഫണ്ട്) |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും പ്രൊജക്റ്റ് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെ കൊടുത്ത നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രൊജക്റ്റ് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

| കെൽട്രോണിന് സർവ്വീസ് ചാർജ്ജ് | QR കോഡ് തുക | SMS തുക | ലാപ്ടോപ്പ് മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 135700 | 12000 | 7200 | 50000 | 204900 |

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിന് ₹97113 രൂപ നൽകിയിട്ടുണ്ട്. സ.ഉ (സാധാ) നം 2341/2022/എൽ എസ് ജി ഡി തീയതി 26.09.2022 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തന മാർഗ്ഗരേഖ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് 09.10.2024 ൽ 2-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി കൂടി പരിഗണിച്ചുകൊണ്ട് പ്രൊജക്റ്റ് നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**ഗാർബേജ് മോണിട്ടറിങ് സിസ്റ്റം പ്രവർത്തനം**

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി ലാപ്ടോപ്പ്, ക്യു ആർ കോഡ് എന്നിവ ലഭ്യമാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ മുഴുവൻ തുകയും ക്യു ആർ കോഡ് സ്ഥാപിക്കൽ പൂർണ്ണമാകാത്തതിനാൽ കെൽട്രോണിന് നൽകിയിട്ടില്ല.

**മോണിട്ടറിങ് റിപ്പോർട്ടുകൾ പഞ്ചായത്ത് കമ്മറ്റിക്ക് ലഭ്യമാക്കുന്നുണ്ട്**

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ് സിസ്റ്റം സംബന്ധിച്ചുള്ള മോണിട്ടറിങ് റിപ്പോർട്ടുകൾ ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റി വിലയിരുത്താറുണ്ടെന്നും അറിയിച്ചു. എന്നാൽ മിനട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.

**ക്യു ആർ കോഡ് പൂർണ്ണമായും പതിപ്പിച്ചിട്ടില്ല.**

ലഭ്യമായ ക്യു ആർ കോഡ് ഉപയോക്താക്കളുടെ എൻറോൾമെന്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും പൂർണ്ണമായും സ്ഥാപിച്ചിട്ടില്ല. വീടുകളുടെ എൻറോൾമെന്റ് 81% പൂർത്തിയാക്കിയിട്ടുള്ളു എന്നും സബ്സ്ക്രിപ്ഷൻ 52% ആണെന്നും അറിയിച്ചിട്ടുണ്ട്.

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ് സിസ്റ്റം സർക്കാർ വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തന സജ്ജമാക്കി അറിയിക്കേണ്ടതാണ്.

**1-25 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് - ₹50,000/- ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്0053/24 |
| പ്രോജക്റ്റ് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഐ.സി.ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റിന്റെ പേര് | കോക്ളിയർ മെയിന്റനൻസ് -സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക അടവാക്കൽ |
| ആകെ അടങ്കൽ തുക | ₹15,000/-(വികസന ഫണ്ട് ജനറൽ) |
| ആകെ ചെലവ് | ₹50000/ |
| ബിൽ നം./തീയതി | 474/24തി. 24/03/2024 |

കോക്ളിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ ഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കൾക്ക് ചെലവ് വന്ന തുക കേരള സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് (കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ഷിഫ ഫാത്തിമ എന്ന ഗുണഭോക്താവിന് വേണ്ടി ₹50000/- മേൽ പദ്ധതിക്കായി നൽകിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/10.10.24) ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. ആയതിനാൽ ₹50000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**1-26 കറിക്കരുവേപ്പ് വിതരണം -അപാകത**

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്.036/24 |
| പ്രോജക്റ്റിന്റെ പേര് | കറി കരുവേപ്പ് തൈ വിതരണം |
| അടങ്കൽ | ₹66900.00 (വികസനഫണ്ട് ജനറൽ-50175,ഗുണഭോക്തൃ വിഹിതം -16725) |
| ചെലവ് വിവരം | ₹66900.00 (വികസനഫണ്ട് ജനറൽ- ₹50175 .00, ഗുണഭോക്തൃ വിഹിതം-16725) ബിൽ നം.165/24 തി22/11/2023-₹ 50175/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, ചെങ്ങന്നാട് ഗ്രാമ പഞ്ചായത്ത് |

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം 152 ഗുണഭോക്താക്കൾക്കായി 446 കറിക്കരുവേപ്പ് തൈകൾ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി. ഒരു കറിക്കരുവേപ്പ് തൈയ്ക്ക് 150 രൂപാ നിരക്കിൽ 66900/-രൂപ KAICO യുടെ 03/11/23 ലെ E-133/23-24 നം ഇൻവോയ്സ് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 2023-24 ലെ യൂണിറ്റ് കോസ്റ്റ് പ്രകാരം 24x24x40cm ഗ്രോബാഗ്, 2 മാസം വളർച്ചയുള്ള കറിക്കരുവേപ്പിന് യൂണിറ്റ് ഒന്നിന് 100/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക നൽകി തൈകൾ വാങ്ങി. എന്നാൽ ഇൻവോയ്സിൽ സപ്ലൈ ചെയ്ത തൈകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഏതിനം തൈകളാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല. തൈകളുടെ സ്പെസിഫിക്കേഷൻ ഉറപ്പാക്കാതെ തൈകൾ വാങ്ങി വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/15.10.23) ലഭ്യമാക്കിയ മറുപടിയിൽ 1 വർഷം പ്രായമുള്ള നന്നായി വേര് പിടിക്കുന്ന

തൈകളാണ് വിതരണം ചെയ്തതെന്ന് പറഞ്ഞു. യൂണിറ്റ് കോസ്റ്റ് പ്രകാരം 24x24x40 Cm ഗ്രോബാഗ്, 6 മാസം വളർച്ചയുള്ള കുറ്റിക്കുരുമുളകിന് 250/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ 150/- രൂപ നിരക്കിൽ വാങ്ങിയിരിക്കുന്ന കുരുമുളകിന്റെ സ്പെസിഫിക്കേഷൻ വ്യക്തമല്ല. സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 സ്മാർട്ട് അങ്കണവാടി- അനുകരണീയ മാതൃക

| | |
|---|---|
| പ്രോജക്ട് നം. | S0049/24 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് അങ്കണവാടി |
| അടങ്കൽ, ഫണ്ട് | ₹ 20,00,000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹ 20,00,000/ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടിയാക്കൽ എന്ന മേൽ പ്രോജക്ടിൽ പ്രകൃതിയോട് ഇണങ്ങുന്ന പെയിന്റിംഗ്, ചിത്രങ്ങൾ തയ്യാറാക്കൽ, കുട്ടികളുടെ കളി ഉപകരണങ്ങൾ, ടി.വി സൗകര്യം, കമ്പ്യൂട്ടർ, പ്രൊജക്ടർ, സ്പീക്കർ, മറ്റ് ഉപകരണങ്ങൾ എന്നിവക്കായി 12 അങ്കണവാടികൾക്കായി ₹2000000/- ചെലവഴിച്ചിട്ടുണ്ട്. സ്മാർട്ട് അങ്കണവാടി നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയായ KADCO ആണ് ചെയ്തത്. ഗ്രാമപഞ്ചായത്തിലെ 28 അങ്കണവാടികളിൽ സ്വന്തമായി കെട്ടിടമുള്ള 22 അങ്കണവാടികളും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി സ്മാർട്ട് ആക്കി. സ്മാർട്ട് അങ്കണവാടി നിർമ്മാണം വളരെ മികച്ച രീതിയിലാണ് പൂർത്തീകരിച്ചിരിക്കുന്നത് എന്ന് അങ്കണവാടി സന്ദർശനത്തിലൂടെ ബോദ്ധ്യപ്പെട്ടു. കുട്ടികൾക്ക് പ്രയോജനപ്രദമായ ഈ പ്രോജക്ട് നിർവഹണം മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് അനുകരണീകരണീയമായ മാതൃകയാണ്.

## 1-28 വക്കീൽ ഫീസ് ഇനത്തിൽ തുക നൽകിയതിലെ അപാകത തടസ്സം - 13500/-

WPC No. 16100/2023 കേസുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിൽ 27.09.2023 ൽ വൗച്ചർ നമ്പർ 22300522 പ്രകാരം 13,500/- രൂപ (15,000/- - 1500 IT) പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ അഡ്വ. അനിൽ കെ മുഹമ്മദിന് നൽകിയിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1043 എതിർ കക്ഷികൾ ഉള്ള ഈ കേസിൽ 408-ാമത്തെ എതിർ കക്ഷിയാണ് ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത്. ഈ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് 20.5.2023 - നാണ്. 24.5.2023 - ൽ ഈ കേസ് പരാതിക്കാരൻ തന്നെ പിൻവലിച്ചിട്ടുണ്ട്. 20.5.2023 – നും 24.5.2023 - നും ഇടയിൽ ഇത് സംബന്ധിച്ച് ഹിയറിംഗ് ഒന്നും തന്നെ നടന്നിട്ടില്ല. ഈ ദിവസങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് കോടതി നോട്ടീസ് അയച്ചിട്ടില്ല. ഇതിന്റെ വിധിപ്പകർപ്പിലുള്ള ഹാജരായ അഭിഭാഷകരുടെ ലിസ്റ്റ് പ്രകാരം പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ ഉണ്ട്.

എന്നാൽ 20.5.2023 ൽ രജിസ്റ്റർ ചെയ്ത ഈ കേസ് 24.5.2023 ൽ പരാതിക്കാരൻ തന്നെ പിൻവലിച്ച സ്ഥിതിക്ക് യാതൊരു നടപടിയും നടന്നിട്ടില്ലാത്തതിനാൽ സ്റ്റാൻഡിംഗ് കൗൺസലിന് മുഴുവൻ തുകയും നൽകിയതിന് വിശദീകരണം നൽകണമെന്ന് താൽപ്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/16.10.2024) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിനുവേണ്ടി കോടതിയിൽ ഹാജരായോ എന്നുപോലും വ്യക്തമല്ലാത്ത കേസിന് നല്കിയ വക്കീൽഫീസ് തിരികെ ഈടാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 1-29 പഞ്ചായത്തിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് - സർക്കാരിന്റെ നിർദ്ദേശം പാലിക്കുന്നില്ല

2023-24 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയതി തുക | വാഹനത്തിന്റെ വിവരം/ നമ്പർ | ഇൻഷ്വറൻസ് കമ്പനിയുടെ |
|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | പേര് |
| 1 | 22300711/13.11.2023 | 4862/- | പാലിയേറ്റീവ് കെയർ വാഹനം (EECO) KL 41 K 4542 | ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് |
| 2 | 22300591/13.10.2023 | 19,247/- | ടാവലർ ആംബുലൻസ് വാഹനം KL 41 R 4871 | ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് |
| | ആകെ | 24,109/- | | |

07.08.2021ലെ സർക്കുലർ നം. ബി2/278/219 ഗതാഗത വകുപ്പ് & സർക്കുലർ നം. 02/2024/ധന, തീയതി 10.01.2024 എന്നിവ പ്രകാരം സർക്കാർ വാഹനങ്ങൾക്ക് പുതിയതായി പോളിസി എടുക്കുമ്പോഴോ നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുമുള്ള ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന Comprehensive Insurance Policy അല്ലെങ്കിൽ Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കണമെന്നും, ആയതിന്റെ ചെലവ് 'ഓഫീസ് ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മേൽപറഞ്ഞ രണ്ട് വാഹനങ്ങളുടേയും ഇൻഷ്വറൻസ് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുടേതാണ്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷ്വറൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ഇ-ടെണ്ടർ ഫീസ് അതാത് സാമ്പത്തിക വർഷം തനത് ഫണ്ടിലേയ്ക്ക് അടവാക്കുന്നില്ല

'അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സെക്ഷൻ' എന്ന പേരിൽ SBI, ചെങ്ങമനാട് ഉള്ള കറണ്ട് അക്കൗണ്ട് നമ്പർ 37802711839 ലാണ് ഇ-ടെണ്ടർ ഫീസ് നിക്ഷേപിക്കുന്നത്. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റിൽ 01.04.2023 ൽ ₹1,19297.50 മുന്നിരുപ്പും 31.03.2024 ൽ ₹1,57,421.50 നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് സെക്രട്ടറിക്ക് 2023-24 സാമ്പത്തിക വർഷം അടവാക്കിയിട്ടില്ല. 31.03.2024 ലെ നീക്കിയിരുപ്പ് തുകയായ 1,57,421.50 രൂപ 09.04.2024 ആണ് പഞ്ചായത്തിൽ നൽകിയിരിക്കുന്നത്. അതാത് വർഷത്തെ ഇ-ടെണ്ടർ ഫീസ് അതാത് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് പഞ്ചായത്തിൽ അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 റിഡംപ്ഷൻ ചെയ്ത തുക തിരികെ ലഭിച്ചില്ല

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം Receivable Redemption ( 431500199) എന്ന ശീർഷകത്തിൽ ₹70,25,450/- രൂപ തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ RP-45 (Receivables) (R) ഷെഡ്യൂൾ പ്രകാരം Receivables Of Redemption (431500199) എന്ന ശീർഷകത്തിൽ ₹68,89,094/- രൂപ മാത്രമാണ് തിരികെ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്.

2023-24 വർഷം ട്രഷറി റിഡംപ്ഷൻ ചെയ്ത തുക ₹49,95,219/- രൂപയാണ്. മുൻ വർഷങ്ങളിൽ ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ നിന്ന് സർക്കാർ പിൻവലിച്ച തുകയായ ₹1,36,356/- തിരികെ ലഭിക്കാത്തതിനാൽ ടി തുക ഉൾപ്പടെയുള്ള തുകയാണ് ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

03.04.2024 ലെ സർക്കുലർ നം.22/2024/ഫിൻ പ്രകാരം ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ നിന്ന് സർക്കാർ പിൻവലിച്ച തുക തിരികെ നൽകില്ല എന്ന വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ തിരികെ ലഭിക്കാനുള്ള റിഡംപ്ഷൻ തുകയായ ₹1,36,356/- അക്കൗണ്ട്സിൽ ക്രമീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തികൾ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റിയിലും കെ.എസ്.ഇ.ബി യിലും നിക്ഷേപിച്ചിട്ടുള്ള തുകകളിൽ 31.03.24 ൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഹെഡ് | സ്ഥാപനം | വർഷാരംഭത്തിൽ ഓഡിറ്റ് | ധനവിനിയോഗ | വർഷാവസാനം |
|---|---|---|---|---|

| കോഡ് | | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന ഇക | വർഷത്തിൽ നിക്ഷേപിച്ച ഇക | സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച ഇക | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|---|
| 460500201 | കേരള വാട്ടർ അതോറിറ്റി | ₹ 4,46,547/- | ₹4,60,000/- | ₹ 0 | ₹ 9,06,547/- |
| 460500202 | കെ.എസ്.ഇ.ബി | ₹33,29,819/- | ₹3,49,292/- | ₹ 0/- | ₹ 36,79,111/- |

വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകൾ ഏതെല്ലാം പ്രവൃത്തികൾക്കായി ഏത് വർഷങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതാണ് എന്നത് സംബന്ധിച്ച വിശദ വിവരം 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-24 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് തൻവർഷം നൽകിയ തുക കൂടാതെ 2018-19 വർഷം നൽകിയ 2,56,547/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുണ്ട്. 1,90,000/-രൂപ 2024-25 വർഷത്തിൽ ക്രമീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിക്ക് നൽകിയിരിക്കുന്ന 36,79,111/- രൂപയിൽ 2016-17 മുതൽ 2023-24 വരെയുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുണ്ട്.

നിക്ഷേപ പ്രവൃത്തികൾക്കായി നൽകുന്ന തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം അതാത് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി കൃത്യമായി ക്രമീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക എന്നിവ വിനിയോഗിക്കാതെ 57.13 ലക്ഷം രൂപ അവശേഷിക്കുന്നു

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (320100149) | 5,00,000 | 0 | 5,00,000 | 0 | 5,00,000 |
| മറ്റ് സ്കീമുകൾ (320100152) | 3,346 | 0 | 3,346 | 0 | 3,346 |
| വിമുക്തി ഗ്രാന്റ് (320100190) | 36150 | 0 | 36150 | 0 | 36150 |
| നിർമ്മൽ പുരസ്കാരം (320100191) | 4,45,114 | 0 | 4,45,114 | 0 | 4,45,114 |
| ശുചിത്വ മിഷൻ ഗ്രാന്റ് (320100198) | 9,24,835 | 0 | 9,24,835 | 0 | 9,24,835 |
| സംയുക്ത പ്രോജക്ട് (റവന്യൂ ചെലവ്) ബ്ലോക്ക് പഞ്ചായത്ത് (320700204) | 16,76,548 | 0 | 16,76,548 | 0 | 16,76,548 |
| സംയുക്ത പ്രോജക്ട് (റവന്യൂ ചെലവ്) ജില്ലാ പഞ്ചായത്ത് (320700205) | 21,26,764 | 0 | 21,26,764 | 0 | 21,26,764 |
| ആകെ | 57,12,757 | 0 | 57,12,757 | 0 | 57,12,757 |

മുകളിൽ സൂചിപ്പിച്ച തുകകൾ ഏതാവശ്യത്തിന് ഏത് വർഷം ലഭിച്ചതാണെന്നും ആയത് നാളിതുവരെ വിനിയോഗിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/16.10.2024) ലഭ്യമാക്കിയ മറുപടിയിൽ 2024-25 വർഷം പ്രോജക്ടിൽ ഉൾപ്പെടുത്തി വിനിയോഗിക്കുന്നതാണെന്ന് അറിയിച്ചു.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ-തടസ്സം 956654/-

ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ലാത്ത ചുവടെ ചേർക്കുന്നവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 3/9.10.2024 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. എന്നാൽ

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു.

| ക്രമനമ്പർ | പ്രോജക്റ്റ്/നം | വൗച്ചർ നം/തീയതി | തുക | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 207/24 പൈപ്പ് ലൈൻ നീട്ടൽ | 22301145/29.2.2024 | 460000/- | വാട്ടർഅതോറിറ്റി | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല |
| 2 | 2/24 ഐ കെ എം വിഹിതം | 30/8.6.2023 | 78518/- | ഐ കെ എം | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല |
| 3 | 73/24 പോസ്റ്റ് മാറ്റൽ | 341/6.3.2024 | 99954/- 18844/- | കെഎസ്ഇ ബി | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല |
| 4 | 69/24 സ്ട്രീറ്റ് ലൈൻ നീട്ടൽ | 384/22.3.2024 | 249338/- | കെഎസ്ഇ ബി | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല |
| 5. | സരസ് മേള നടത്തുന്നതിന് കുടുംബശ്രീയ്ക്ക് നല്കിയത് | 22300840/22.12.2023 | 50000/- | കുടുംബശ്രീ | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല |
| | ആകെ | | 956654/- | | |

## 1-35 ചട്ടങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ നടപടികൾ

2023-24 സാമ്പത്തിക വർഷം ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ പർച്ചെയ്സുകൾക്ക് ഉത്തരവ് പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് | 196/24 |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | 47373 |

സ്റ്റോർ പർചേസ് മാനുവൽ 2013 ഖണ്ഡിക 19.3 പ്രകാരം ജെം മുഖേനെയുള്ള വാങ്ങൽ നിർബന്ധമാക്കിയിട്ടുള്ളതാണ്. എന്നാൽ ചെങ്ങമനാട് സാമൂഹ്യാരോഗ്യകേന്ദ്രത്തിലേക്ക് വാട്ടർ കൂളർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും കുറവ് ക്വോട്ടുചെയ്ത മൂവാറ്റുപുഴ മെഡിക്രാഫ്റ്റ് ഇൻഡസ്ട്രീസിൽ നിന്നും 38000/-രൂപയ്ക്ക് 23.3.2024ലെ 17/23-24 വൗച്ചർ പ്രകാരം ബ്ലൂസ്റ്റാർ വാട്ടർ കൂളർ വാങ്ങുകയും ചെയ്തു. ജിഒ(പി)നം7/19/എസ് പിഡി/26.4.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനെ സമാഹരിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ 25000രൂപയ്ക്കു മുകളിലുള്ള മറ്റു പർചെയ്സുകൾക്കും ഉത്തരവ് പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-36 കാലാവധി കഴിഞ്ഞ മരുന്ന് വാങ്ങി

2023-24 സാമ്പത്തിക വർഷം ആയുർവേദഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്നു വാങ്ങൽ എന്ന പ്രോജക്ടിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആയുർവേദഡോക്ടർ |
| പ്രോജക്ട് /നമ്പർ | 134/24 മരുന്നു വാങ്ങൽ |
| ഫണ്ടിനം | വികസനഫണ്ട് |
| ചെലവുതുക | 210216/- |
| ബിൽ റഫറൻസ് നമ്പർ/തീയതി | 23110452013300845189/23.11.2023 |

ഈ പ്രോജക്ട് പ്രകാരം ഔഷധിയിൽ നിന്നും ഇൻവോയിസ് നം.90307148/28.7.2023 പ്രകാരം വിതരണംചെയ്ത മരുന്ന വാങ്ങുന്നതിനായി 210216 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിലെ ക്രമനമ്പർ 50 പ്രകാരം ആയുഷ്യത് 100 ഗ്രാം 48 എണ്ണം 74/- രൂപ നിരക്കിൽ 3552/- രൂപയ്ക്കാണ് വാങ്ങിയിട്ടുള്ളത്. അതിന്റെ നിർമ്മാണ തീയതി 2/2022, കാലാവധി കഴിയുന്ന തീയതി 1/2023 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ആയത് പാക്ക്ചെയ്ത് അയച്ചത് 28.07.2023ലാണ്. കാലാവധി കഴിഞ്ഞ മരുന്ന് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ആയത് ശ്രദ്ധിച്ചില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഭാവിയിൽ ഈ വിഷയത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. കാലാവധി കഴിഞ്ഞ മരുന്ന് സപ്ലൈ ചെയ്ത ഔഷധിയെ ഇക്കാര്യം അറിയിക്കേണ്ടതുമാണ്.

### 1-37 എസ്.എസ്.കെ – വിശദമായ വിനിയോഗ വിവരം ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽപി സ്കൂൾ |
| പ്രോജക്ട്നം. | 142/24,133/24 |
| പ്രോജക്ട് | എസ് എസ് കെ വിഹിതം അടക്കൽ |
| ചെലവുതുക | 216124, 475000 |
| ബിൽ നമ്പർ/തീയതി | 231104520227010476 53/9.1.2024<br>231104520227010472 68/30.12.2023 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബില്ലുകൾ പ്രകാരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമല്ല.

പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. സർക്കാർ മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22 /തസ്വഭവ.തി.19.01.2022] പ്രകാരം എസ്.എസ്.കെക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നത് സംബന്ധിച്ച 2023-24-ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് .

### 1-38 ആസ്തി രജിസ്റ്റർ –കാലികമല്ല

2023-24 സാമ്പത്തിക വർഷം ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ സ്മാർട്ട് അംഗനവാടി (49/24) എന്ന പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 22 അംഗനവാടികൾ വളരെ ഭംഗിയായി നവീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ 11 എണ്ണമേ ചേർത്തു കാണുന്നുള്ളൂ. ഈ വിഷയത്തിൽ വിശദീകരണം നല്കുന്നതിന് നല്കിയ 33/17.10.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി ഹാജരാക്കേണ്ടതാണ്.

### 1-39 പ്രിന്റിംഗ് ചാർജ്-ആദായനികുതി ഈടാക്കിയില്ല

2023-24 സാമ്പത്തിക വർഷം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ നിന്നും പ്രിന്റിംഗ് ചാർജിനത്തിൽ ആർ കെ പ്രിന്റേഴ്സിന് വിവിധ വൗച്ചറുകൾ പ്രകാരം 220629/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആദായനികുതി നിയമം 1961 സെക്ഷൻ 194C അനുസരിച്ച് 2% നികുതി (4413/-) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കാതെയാണ് തുക അനുവദിച്ചത്. സാമ്പത്തിക വർഷം മാറിയതിനാൽ ഇനി നികുതി ഈടാക്കി

അടവാക്കാൻ സാധിക്കകയില്ലാത്തതിനാൽ ഭാവിയിൽ പ്രൊഫഷണൽ സേവനങ്ങൾക്ക് പ്രതിഫലം അനുവദിക്കുമ്പോൾ ഉറവിടത്തിൽ നിന്നും തന്നെ നികുതി കിഴിവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവ് | ബാലൻസ് |
|---|---|---|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | ₹400000 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (S0001/24) | ₹400000 | 0 |
| | ₹390000 | വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0005/24) | ₹390000 | 0 |
| | ₹440000 | ലൈഫ് ഭവന നിർമ്മാണം - എസ്.സി (S0012/24) | ₹440000 | 0 |
| | ₹180000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (S0054/24) | ₹180000 | 0 |
| | ₹38400 | തരിശ് നെൽകൃഷി (S0037/24) | ₹38400 | 0 |
| | ₹100000 | പാലിന് സബ്സിഡി (S0023/24) | ₹100000 | 0 |
| | ₹15000 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലൂടെ ഉല്പാദനോപാധികളുടെ വിതരണം (S0039/24) | ₹15000 | 0 |
| | ₹36750 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം (S0074/24) | ₹36750 | 0 |
| | ₹400000 | ലൈഫ് ഭവന പദ്ധതി - ജനറൽ (S0182/24) | ₹400000 | 0 |
| ആകെ | ₹2000150 | | ₹2000150 | |
| പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | ₹273800 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (S0001/24) | ₹273800 | 0 |
| | ₹540000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (S0054/24) | ₹540000 | 0 |
| | ₹167299 | പെയിൻ പാലിയേറ്റീവ് കെയർ (S0032/24) | ₹167299 | 0 |
| | ₹115000 | പാലിന് സബ്സിഡി (S0023/24) | ₹115000 | 0 |
| | ₹50000 | അങ്കണവാടി പോഷകാഹാര പരിപാടി (S0043/24) | ₹50000 | 0 |
| | ₹15000 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലൂടെ ഉല്പാദനോപാധികളുടെ വിതരണം (S0039/24) | ₹15000 | 0 |
| ആകെ | ₹ 1161099 | | ₹ 1161099 | |

### 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. ഇപ്രകാരം 2023-24 വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0073/24) | 42301492/ 31.03.2024 | ₹99,954 | 0 | ₹99,954 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0069/24) | 42301489/ 31.03.2024 | ₹2,49,338 | 0 | ₹2,49,338 |
| | ആകെ | | ₹349292 | | ₹349292 |
| ജല അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0207/24) | 42301488/ 31.03.2024 | ₹4,60,000 | 0 | ₹4,60,000 |
| | ആകെ | | ₹4,60,000 | 0 | ₹4,60,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി/വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | ഈ വർഷം ലഭിച്ച വായ്പാ തുക | ആകെ | ഈ വർഷം തിരിച്ചടച്ച തുക (ഉടമ്പടിയിൽ കുറവ് ചെയ്ത തുക) മുതൽ | പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| 1 | KURDFC (ലൈഫ് മിഷൻ വായ്പാ തിരിച്ചടവ്) | സ.ഉ.(എം.എസ്.) നം.511/2018/ ത.സ്വ.ഭ.വ. /20.06.2019 /₹85,83,262/- | ₹44,18,312/- | ₹72,60,000/- | ₹11678312 | ₹15,21,687/- | | ₹1,01,56,625/- |

**തിരിച്ചടവിന്റെ വിവരം**

| ജി.ഒ.പ്രോജക്ട് നമ്പർ | പേര് | തുക |
|---|---|---|
| എസ്0277/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹2,68,411/- |
| എസ്0281/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹2,68,411/- |
| എസ്0284/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹2,68,410/- |
| എസ്0278/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹2,38,818/- |
| എസ്0282/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹2,38,818/- |
| എസ്0285/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹2,38,819/- |
| | ആകെ | ₹15,21,687/- |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,07,71,000/- |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 6,65,500/- |
| ആകെ | 1,14,36,500/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,14,36,500/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി) | നിക്ഷേപിച്ച തീയതി | കാലയളവ് | കാലാവധി തീയതി | നിക്ഷേപിച്ച തുക | അക്കൗണ്ട് നം. |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക്, ആലുവ | 20.05.2023 | 1 വർഷം | 20.05.2024 | 56,45,250/- | 139718802000018 |
| 2 | കേരള സംസ്ഥാന സഹകരണ ബാങ്ക്, ആലുവ | 20.05.2023 | 1 വർഷം | 20.05.2024 | 56,45,250/- | 139718802000025 |
| 3 | ചെങ്ങമനാട് പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് | 30.03.2020 | 5 വർഷം | 30.03.2025 | 1,00,000/- | 38332 |
| 4 | ചെങ്ങമനാട് പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് | 21.06.2017 | 10 വർഷം | 21.06.2027 | 46,000/- | 101140010045745 |
| | | | | | 1,14,36,500/- | |

മുകളിൽ സൂചിപ്പിച്ച സ്ഥിര നിക്ഷേപങ്ങളിൽ ക്രമ നം. 1,2 ലെ തുകകൾ 2021-22 വർഷത്തിൽ 50 ലക്ഷം വീതം നിക്ഷേപിച്ച തുകയാണ്. ടി സ്ഥിര നിക്ഷേപത്തിന്മേലുള്ള പലിശ നിക്ഷേപത്തുകയോടൊപ്പം പുതുക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. പഞ്ചായത്തിൽ നിന്ന് ലഭിച്ച മറുപടി പ്രകാരം ക്രമ നം.3 ലെ സ്ഥിര നിക്ഷേപം 30.03.2015 ൽ ശ്രീ രാമചന്ദ്രൻ 5 വർഷത്തേക്കും ക്രമ നം.4 ലെ സ്ഥിര നിക്ഷേപം 21.06.2017 ൽ ശ്രീ പുല്ലേൽ മുരളിധരൻ 10 വർഷത്തേക്കും ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ നടത്തിയ നിക്ഷേപമാണെന്നും പ്രസ്തുത സ്ഥിര നിക്ഷേപത്തിന്മേൽ ലഭിക്കുന്ന പലിശത്തുക വർഷാവർഷം എസ്എസ്എൽസി/പ്ലസ് 2 പരീക്ഷകളിൽ ഉന്നത വിജയം ലഭിക്കുന്ന കുട്ടികൾക്ക് അവാർഡ് ദാനത്തിന് വേണ്ടി ചെലവാക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | ₹ 6,28,17,471.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | ₹5,48,29,339.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹10,20,154.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 1-15 | ₹300 | ഇല്ല | ഡോ. പുഷ്പ വി. വി, (മെഡിക്കൽ ഓഫീസർ, സിഎച്ച്സി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | ₹50000/- | സഫീന.എം, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-28 | ₹13500/- | സെക്രട്ടറി, നിസ്സാമോൾ എം. പി |
| 1-34 | ₹956654/- | നിസ്സാമോൾ എം.പി, സെക്രട്ടറി |
| ആകെ | ₹10201514/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സഫീന.എം, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ കൊച്ചി അർബൻ 1 ഐ.സി.ഡി.എസ് ഓഫീസ് മട്ടാഞ്ചേരി | മനത്തൊടിക വീട് തുറക്കൽ (പി.ഒ), കൊണ്ടോട്ടി. മലപ്പുറം 673638(പിൻ) |
| നിസ്സാമോൾ എം.പി, സെക്രട്ടറി | സെക്രട്ടറി ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് | പള്ളിക്കര ഹൗസ്, മണ്ണൂമൽ പി.ഒ എറണാകുളം |
| ഡോ. പുഷ്പ വി വി, മെഡിക്കൽ ഓഫീസർ, സിഎച്ച്സി | മെഡിക്കൽ ഓഫീസർ, സിഎച്ച്സി, ചെങ്ങമനാട് | കളിപറമ്പിൽ വീട്, മഞ്ഞപ്ര പി. ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/07.02.2003/06.05.2003 | 7 |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/28.07.2008/09.12.2008 | 2 |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/17.07.2008/06.06.2009 | 2 |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/14.09.2009/04.12.2009 | 1 |
| 2008-09 | | |
| 2009-10 | എൽ.എഫ്.ഇ (പി.3) 942/10/14.09.2012/12.12.2012 | 5 |
| 2010-11 | | |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | 1 |

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 29-05-2024 and submitted on 07-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Chengamanadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chengamanadu Grama Panchayat as on 31-03-2024

**Date: 08/11/2024**

**Deputy Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Chengamanadu Grama Panchayat for the Year 2023-2024 .

**1.Major Observations**

1. Figures in the cash flow statement are not matched according to the internationally approved accounting standards.
2. The mandatory financial statements prescribed in the accounting rules are not submitted for audit.
3. The Asset value shown in Balance Sheet is not traceable to Asset Register Due to unsupported design of existing Asset Register.
4. Non inclusion of Notes to accounts in Financial statements and non disclosure of material facts.

**2.Other Observations**

| | | |
|---|---|---|
| 2013-14& 2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | 2 |
| 2016-17 | കെ. എസ് . എ / ഇ.കെ.എം(പി 11) 1876/2017 തി. 03.10.17 | 5 |
| 2017-18 | കെ. എസ് . എ / ഇ.കെ.എം(പി 11) 2079/2018 തി. 08.10.18 | 10 |
| 2018-19 | കെ. എസ് . എ / ഇ.കെ.എം(പി 11) 1685/2019 തി. 15.11.19 | 13 |
| 2019-20 | കെ. എസ് . എ / ഇ.കെ.എം(പി 11) 996/2021 തീയതി 10.09.2021 | |
| 2020-21 | കെ. എസ് . എ / ഇ.കെ.എം(പി 11) 997/2021 തീയതി 10.09.2021 | |
| 2021-22 | കെ. എസ് . എ / ഇ.കെ.എം(പി 11) 2281/2022 തീയതി 02.03.2023 | |
| 2022-23 | കെ. എസ് . എ / ഇ.കെ.എം(പി 11) 1349/2023 തീയതി 24.11.2023 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1. Difference of Rs.71/- in Closing balance of NREGS account in B-4 schedule and B-17 schedule.

2. Capital contribution of Rs. 3,90,721/- of Development Fund-General is shown in B-4 schedule under Account Code 320200101

instead of B-3 schedule under Account Code 312100201.

AIMS